"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സ്റ്റോർസ് പർച്ചേസ് വകുപ്പ് - തിരുവനന്തപുരം ജില്ലാ വികലാംഗക്ഷേമ പ്രിന്റിംഗ് & ബുക്ക് ബൈൻഡിംങ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നം. S IND (T)364-ന് - ഒരു ലക്ഷം രൂപയിൽ കവിയാത്ത അച്ചടി സംബന്ധമായ വർക്കുകൾ ഏറ്റെടുത്ത് ചെയ്യുന്നതിന് - ക്വട്ടേഷൻ നടപടി ക്രമത്തിൽ ഇളവ് അനുവദിച്ച് - പ്രത്യേക അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സ്റ്റോർസ് പർച്ചേസ് (എ) വകപ്പ്

സ.ഉ.(സാധാ) നം.144/2023/SPD തീയതി,തിരുവനന്തപുരം, 11-12-2023

---

പരാമർശം:- തിരുവനന്തപുരം ജില്ലാ വികലാംഗക്ഷേമ പ്രിന്റിംഗ് & ബുക്ക് ബൈൻഡിംങ് വ്യവസായ സഹകരണ സംഘം ലിമി. പ്രസിഡന്റ് സമർപ്പിച്ച 07.09.2023-ലെ VCS/17/2023 നം. നിവേദനം.

<u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലാ വികലാംഗക്ഷേമ പ്രിന്റിംഗ് & ബുക്ക് ബൈൻഡിംങ് വ്യവസായ സഹകരണ സംഘം ലിമി.നം. S IND(T)364 - ന് ഒരു ലക്ഷം രൂപയിൽ കവിയാത്ത അച്ചടി സംബന്ധമായ ജോലികൾ നേരിട്ട് ലഭിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് വികലാംഗക്ഷേമ പ്രിന്റിംഗ് & ബുക്ക് ബൈൻഡിംങ് വ്യവസായ സഹകരണ സംഘം പ്രസിഡന്റ് മേൽ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അംഗപരിമിതരായ തൊഴിലാളികളുടെ സംരക്ഷണാർത്ഥം പ്രവർത്തിക്കുന്ന തിരുവനന്തപുരം ജില്ലാ വികലാംഗക്ഷേമ പ്രിന്റിംഗ് & ബുക്ക് ബൈൻഡിംങ് വ്യവസായ സഹകരണ സംഘം ലിമി.- ന് തിരുവനന്തപുരം ജില്ലയ്ക്കകത്തുള്ള കോർപ്പറേഷനുകൾ, ക്ഷേമനിധി ബോർഡുകൾ, കമ്പനികൾ തുടങ്ങിയവയുടെയും, സർക്കാർ വകുപ്പുകളുടെ പരിധിയിൽ വരാത്ത സ്ഥാപനങ്ങളുടെയും അച്ചടി സംബന്ധമായ ഒരു ലക്ഷം രൂപയിൽ കവിയാത്ത വർക്കുകൾ ക്വട്ടേഷൻ നടപടി ക്രമങ്ങൾ കൂടാതെ നേരിട്ട് ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) പ്രിന്റിംഗ് ജോലികൾക്കായി പൊതുന്യായനിരക്ക് നിശ്ചയിച്ച് സ്ഥാപനം പ്രസിദ്ധീകരിക്കേണ്ടതാണ്.
2) ഈ ഉത്തരവ് പ്രകാരമുള്ള ഇളവ് സർക്കാർ വകുപ്പുകളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് ബാധകമല്ല.

സ്ഥാപനത്തിന്റെ അച്ചടി നിരക്ക് പൊതുനിരക്കിനേക്കാൾ അധികമാണെന്ന്

കണ്ടെത്തുന്ന പക്ഷം സർക്കാർ ഇടപെടൽ ഉണ്ടാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD V R

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

പ്രസിഡന്റ്, തിരുവനന്തപുരം ജില്ലാ വികലാംഗക്ഷേമ പ്രിന്റിംഗ് & ബുക്ക് ബൈൻഡിംങ് വ്യവസായ സഹകരണ സംഘം ലിമി.നം. S IND(T)364,
T.C.No. 53/825, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി.ഒ., പാപ്പനംകോട്,
തിരുവനന്തപുരം - 695 019.

കമ്മീഷണർ, സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ്, 'ആഞ്ജനേയ',
TC 9/1023(1), ശാസ്തമംഗലം, തിരുവനന്തപുരം - 10.
(OP(RPWD)No.3358/S2/21/SCPWD പ്രകാരം)

വ്യവസായ (ബി) വകുപ്പ് (IND-B1/294/2019-IND പ്രകാരം)

സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ് (H3/228/2019/HDdn പ്രകാരം)

സി-ഡിറ്റ്, ചിറ്റാഴം, ലാവണ്യ ബിൽഡിംഗ്സ്, SMSM ഇൻസ്റ്റിറ്റ്യൂട്ടിന് പുറകുവശം, സ്റ്റാച്യൂ, തിരുവനന്തപുരം (സർക്കാർ ഉത്തരവ് സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ വെബ്സൈറ്റിൽ ചേർക്കുന്നതിന്)

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
(സർക്കാർ ഉത്തരവ് സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ